# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 48

## 04/02/2020 ൽ മറുപടി നൽകേണ്ടത്

## സാമൂഹ്യസുരക്ഷാ പെൻഷൻ മസ്റ്ററിംഗ്

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. കെ.എൻ.എ. ഖാദർ
ശ്രീ. പാറക്കൽ അബ്ദുല്ല
ശ്രീ. എം. ഉമ്മർ

**മറുപടി**

ഡോ. റ്റി. എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ മസ്റ്ററിംഗ് പൂർത്തിയാക്കിയോയെന്ന് അറിയിക്കാമോ; | 2020 ജനുവരി 31 വരെ ലഭ്യമായ വിവരങ്ങൾ പ്രകാരം, സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയിരുന്ന 4733586 ഗുണഭോക്താക്കളിൽ 4331527 പേർ മസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പെൻഷനുകൾ വാങ്ങുന്നവരിൽ എത്ര ശതമാനം പേർ മസ്റ്ററിംഗ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | 2020 ജനുവരി 31 വരെ ലഭ്യമായ വിവരങ്ങൾ പ്രകാരം, സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ 91.5% പേർ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | അനർഹരെ ഒഴിവാക്കുകവഴി പ്രതിമാസം എത്ര രൂപ ലാഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ? | സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുകവഴി പ്രതിമാസം 48.25 കോടി രൂപയുടെ ചെലവ് കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – സാമൂഹ്യ സുരക്ഷ പെൻഷൻ – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ ഉ ( എം എസ് )നം.483 /2017/ധന　　　　തിരുവനന്തപുരം തിയതി 06.11.2017

---

പരാമർശം :- 1. 15/07/2016 തിയതിയിലെ സ ഉ ( എം എസ് ) 282/2016/ധന ഉത്തരവ്
2.15/08/2016 തിയതിയിലെ സ ഉ ( എം എസ് ) 324/2016/ധന ഉത്തരവ്
3 .08/11/2016 തിയതിയിലെ സ ഉ ( എം എസ് ) 437/2016/ധന ഉത്തരവ്
4. 21/01/2017 തിയതിയിലെ സ ഉ ( എം എസ് ) 34/2017/ധന ഉത്തരവ്
5 . 06/02/2017 തിയതിയിലെ സ ഉ ( എം എസ് ) 67/2017/ധന ഉത്തരവ്
6 . 23/03/2017 തിയതിയിലെ സ ഉ ( എം എസ് ) 204/2017/ധന ഉത്തരവ്
7 . 01/08/2017 തിയതിയിലെ സ ഉ ( സാധാ ) 6060/2017/ധന ഉത്തരവ്

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ഒരാൾക്ക് ഒരു പെൻഷൻ എന്ന് നിജപ്പെടുത്തുകയും ചെയ്തു. തുടർന്ന് പരാമർശം ( 6) പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ തുക 1000 ൽ നിന്ന് 1100 ആയി വർദ്ധിപ്പിച്ച് കൊണ്ടും ഉത്തരവായിരുന്നു. സംസ്ഥാനത്ത് സാവർത്രിക സാമൂഹ്യ സുരക്ഷാ പെൻഷൻ നടപ്പലാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനും അതോടൊപ്പം ക്ഷേമനിധി ബോർഡ് പെൻഷനും ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ പരാമർശം (1) മുതൽ(5) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

2. കേരളത്തിൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന 42.5 ലക്ഷത്തോളം പേരും ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്ന 10 ലക്ഷത്തോളം പേരുമുണ്ട്.2011 ലെ സെൻസസ് കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 60 വയസ്സിൽ കൂടുതലുള്ള 42.28 ലക്ഷം പേരാണ് ഉള്ളത്. ഇതിൽ തന്നെ സർവ്വീസ് പെൻഷൻ ലഭിക്കുന്നവരുടേയും ഒരു ലക്ഷത്തിലധികം രൂപ വാർഷിക വരുമാനമുള്ളവരുടേയും എണ്ണം കുറയുകയും ചെയ്യുമ്പോൾ ഇപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റുന്നവരുടെ എണ്ണം വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗണ്യമായി ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ അർഹരായ വ്യക്തികൾക്ക് മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹത മാനദണ്ഡങ്ങൾ സർക്കാർ

പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അത് പരിശോധിക്കുന്നത് പ്രാദേശിക സർക്കാർ തലത്തിലാണ്. ഇത്തരത്തിൽ അപേക്ഷകന്റെ ഭൗതിക സാഹചര്യങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പരിശോധന നടത്തി അർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിക്കേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യമാണ്. ഇത് കൃത്യമായി ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമാണ്. പ്രസ്തുത സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഇതിനകം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംയോജിപ്പിച്ചു കൊണ്ടും പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

I)അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.
ii)അപേക്ഷകൻ സർവ്വീസ് പെൻഷണർ ആകരുത്.
iii)അപേക്ഷകൻ ആദായനികുതി നൽകുന്ന ആളാകരുത്.
iv)അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല)
v)ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
vi) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധിബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാപെൻഷൻ സാധാരണനിരക്കിൽ ലഭിക്കുന്നതാണ്.
vii) തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നതൊഴികെയുള്ള ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങുകയാണെങ്കിൽ ക്ഷേമനിധിപെൻഷൻ അതത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാപെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. 06/02/2017 നുമുൻപ് രണ്ട് പെൻഷനും വാങ്ങിവരുന്നവർക്കാണ് രണ്ടു പെൻഷനും ലഭിക്കാൻ അർഹതയുള്ളത്. 06/02/2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
viii)ഇ.പി.എഫ് പെൻഷനർമാർക്ക് ഇ.പി.എഫ് പെൻഷനു പുറമെ സാധാരണനിരക്കിൽ ഒരു സാമൂഹ്യസുരക്ഷാ പെൻഷനോ അല്ലെങ്കിൽ ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ അർഹതയുണ്ടായിരിക്കും.
ix)75 വയസ്സ് കഴിഞ്ഞവർക്ക് വാർദ്ധക്യകാല പെൻഷൻ ഉയർന്ന നിരക്കിൽ തുടർന്നും ലഭിക്കുന്നതാണ്.
x)വ്യത്യസ്ത പ്രാദേശിക സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങാൻ പാടില്ല. അതായത്, ഏതെങ്കിലും ഒരു പ്രാദേശിക സർക്കാരിൽ നിന്നും മാത്രമേ സാമൂഹ്യ സുരക്ഷാപെൻഷൻ വാങ്ങാവൂ.
xi)എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും/അപേക്ഷകരും സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്. ഈ സത്യപ്രസ്താവനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്: (1) താൻ സർവ്വീസ് പെൻഷനർ അല്ല. (2) താൻ ആദായനികുതി നൽകുന്നില്ല (3) തന്റെയോ തന്റെ കുടുംബത്തിന്റെയോ പേരിൽ 2 ഏക്കറിൽ കൂടുതൽ ഭൂമിയില്ല (ഈ നിബന്ധന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമല്ല)
xii) പെൻഷൻ ഗുണഭോക്താക്കൾ/പുതിയ അപേക്ഷകർ ആധാർ നമ്പർ പ്രാദേശിക സർക്കാരിൽ ലഭ്യമാക്കണം. ആധാർ നമ്പർ ഇതുവരെ ലഭിച്ചിട്ടില്ലാത്തവരുടെ കാര്യത്തിൽ ഇക്കാര്യം

പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യമാകുന്ന പക്ഷം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ , റേഷൻ കാർഡോ സ്വീകരിച്ച് കൊണ്ട് പെൻഷൻ നൽകാവുന്നതാണ്. ആധാർ നമ്പർ ലഭിക്കുന്നതുവരെ മാത്രമേ ഇത്തരത്തിലുള്ള ഇളവ് അനുവദിക്കുകയുള്ളൂ.

xiii) 85 വയസ്സ് കഴിഞ്ഞവർ, 80% ത്തിൽ അധികം ശാരീരിക മാനസിക വൈകല്യമുള്ളവർ, സ്ഥിരമായി രോഗശയ്യയിൽ കിടക്കുന്നവർ എന്നിവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യപ്പെടുന്നപക്ഷം ആധാർ നമ്പർ ഇല്ലാതെ തന്നെ പെൻഷൻ നൽകാവുന്നതാണ്.

xiv) വിധവാ പെൻഷൻ ലഭിക്കുന്നവർ എല്ലാ വർഷവും ഡിസംബർ മാസം താൻ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

xv) ബാങ്ക് വഴി പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് (mustering) നടത്തേണ്ടതാണ്.

xvi) ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ.

xvii) വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹനാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമേ മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.

xviii) DBT Cell സാധുത (validation) നൽകുന്ന തിയതി മുതൽ മാത്രമേ ആദ്യ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടാകൂ.

xix) അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ ബാധ്യസ്ഥരായിരിക്കും. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാണ്.

xx) ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽ നിന്ന് പ്രസ്തുത തുക നിയമാനുസരണം സമയബന്ധിതമായി തന്നെ ഈടാക്കുന്നതും, ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽ നിന്നും യാതൊരു വിധ ആനുകൂല്യങ്ങൾക്കും ( സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ) അർഹത ഉണ്ടായിരിക്കുന്നതുമല്ല.

3) പരാമർശം (1),(2),(3),(4),(5) എന്നീ സർക്കാർ ഉത്തരവുകൾ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മനോജ് ജോഷി ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# മിനിറ്റ്സ്

## ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 21.10.2019 തീയതി ഉച്ചയ്ക്ക് മൂന്ന് മണിയ്ക്ക് നടത്തിയ കൂടിയാലോചനായോഗത്തിന്റെ നടപടി കുറിപ്പ്.

പങ്കെടുത്തവർ

1. ശ്രീ. തോമസ് ഐസക്, ബഹു. ധനകാര്യ വകുപ്പ് മന്ത്രി
2. ശ്രീ. മനോജ് ജോഷി, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. രാജൻ.വി.കെ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. പ്രതീപ് കുമാർ.ബി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. സുരേഷ് കുമാർ.ഒ.ബി, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. ദിനേശ് കുമാർ.ബി.കെ, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്
7. ശ്രീ. നീലകണ്ഠൻ ഒ.എസ്, ടെക്നിക്കൽ ഡയറക്ടർ ഐ.കെ.എം.
8. ശ്രീമതി. സരിത. ബി.എസ്, പ്രോഗ്രാമർ, ഐ.കെ.എം
9. ശ്രീ. സുമേഷ് എസ്. എസ്, അസിസ്റ്റന്റ്,ധനകാര്യ വകുപ്പ്

യോഗം ഉച്ചയ്ക്ക് മൂന്ന് മണിയ്ക്ക് ആരംഭിച്ചു. ബഹു.ധനകാര്യ മന്ത്രി എല്ലാവരേയും യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു. സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ / അപേക്ഷകരുടെ ഭൗതികസാഹചര്യങ്ങൾ പരിശോധിച്ച് ക്ഷേമപെൻഷൻ അനുവദിച്ച് നൽകുന്നതിനു സ്പഷ്ടീകരണം നൽകുന്നതിനു വേണ്ടിയാണ് ബഹു.ധനകാര്യ മന്ത്രി യോഗം വിളിച്ചത്. ആദ്യമായി അനധികൃത ക്ഷേമപെൻഷൻ വാങ്ങുന്നവരെ കണ്ടുപിടിക്കുന്നതിനായി കരകുളം ഗ്രാമ പഞ്ചായത്തിൽ നടത്തിയ സർവ്വേ സംബന്ധിച്ച വിഷയമാണ് ചർച്ച ചെയ്തത്. ആയിരത്തോളംപേർ അനർഹരാണെന്നു സർവ്വേയിൽ കണ്ടെത്തിയെങ്കിലും അതിൽ പകുതിയിലധികംപേരും ക്ഷേമപെൻഷൻ വാങ്ങാൻ അർഹരാണ് എന്ന കരകുളം ഗ്രാമ പഞ്ചായത്തിന്റെ അഭിപ്രായത്തിൽ ധനകാര്യവകുപ്പ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും മരിച്ചവർ എത്ര, കണ്ടെത്താൻ കഴിയാത്തവർ എത്ര, എത്രപേർ സർക്കാർ പെൻഷൻ വാങ്ങുന്നതോടൊപ്പം ക്ഷേമനിധി പെൻഷനും വാങ്ങുന്നു എന്നും പഞ്ചായത്ത് സെക്രട്ടറിയോട് അവരുടെ വിശദാംശങ്ങൾ തേടണമെന്നും ബഹു. ധനകാര്യ വകുപ്പ് മന്ത്രി നിർദ്ദേശിച്ചു. ആവശ്യമെങ്കിൽ ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് പരിശോധിക്കേണ്ടതുമാണ്.

2. മരിച്ചവരിൽ ആരെങ്കിലും പെൻഷൻ വാങ്ങുന്നുവെങ്കിൽ സെക്രട്ടറിക്കെതിരെ നടപടിയെടുക്കണമെന്നും നിലവിൽ സസ്പെന്റ് ചെയ്യപ്പെട്ടവരുടെ വിശദാംശങ്ങൾ പരിശോധിച്ച് അനധികൃത പെൻഷൻ

വിതരണം തടയണമെന്നും നിർദ്ദേശമുണ്ടായി.

3. കരകുളം ഗ്രാമപഞ്ചായത്തിലെ 7394 ക്ഷേമ പെൻഷൻ ഗുണഭോക്താക്കളിൽ 2 0 % അനർഹരാണെന്ന കണ്ടെത്തിയതായും ഇവരെ സസ്പെന്റ് ചെയ്യുന്നതിന് നിർദ്ദേശം കൊടുത്തുവെങ്കിലും ഇവരിൽ 3 5 2 പേർക്ക് പെൻഷൻ നൽകണമെന്ന് ഗ്രാമ പഞ്ചായത്ത് അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും യോഗത്തിൽ ജോയിന്റ് സെക്രട്ടറി ചൂണ്ടിക്കാട്ടി. പ്രസ്തുത വിഷയം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് വിശദീകരണം തേടാൻ യോഗത്തിൽ ധാരണയായി. ഇതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ പങ്കെടുപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പ് യോഗം നടത്തണം.

4. ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് നടത്തുന്നത് സംബന്ധിച്ച വിഷയത്തിൽ മസ്റ്ററിംഗ് ട്രയൽ നടത്തിയതായും അടുത്ത ഘട്ടമായി കല്ലിയൂർ ഗ്രാമ പഞ്ചായത്ത്, ആറ്റിങ്ങൽ മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ പൂർണ്ണതോതിലുള്ള മസ്റ്ററിംഗ് ഒക്ടോബർ 23-)0 തീയതി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തു. ഇത്തരത്തിൽ സംസ്ഥാനത്ത് മുഴുവൻ അക്ഷയ കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി മസ്റ്ററിംഗ് നടത്തുന്നതിനും ഡിസംബർ മാസത്തിനുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കുവാനും യോഗത്തിൽ തീരുമാനമായി. അത്തരക്കാർക്ക് മാത്രമേ ഡിസംബറിൽ ക്ഷേമ പെൻഷൻ നൽകുകയുള്ളൂ.

5. ഇത്തരത്തിൽ സംസ്ഥാനമൊട്ടുക്കും മസ്റ്ററിംഗ് നടത്തുന്നതുമൂലം മരണപ്പെട്ടവർ ഒഴിവാക്കപ്പെടുമെന്നും നിരീക്ഷിച്ചു. കരകുളം പഞ്ചായത്തിൽ നടത്തിയ സർവ്വേയിൽ 11% പേർ ആധാർ ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ ആധാർ രേഖപ്പെടുത്താതെ ക്ഷേമപെൻഷൻ വാങ്ങുന്നവരുടെ എണ്ണം വളരെ വലുതാണ്. ആയതിനാൽ ഇത്തരത്തിൽ ആധാർ രേഖപ്പെടുത്താത്തവരുടെ വിശദാംശങ്ങൾ ശേഖരിക്കണമെന്നും യോഗത്തിൽ നിർദ്ദേശമുണ്ടായി.

6. 2000 ച.അടിയിൽ കൂടുതൽ വിസ്തീർണമുള്ള വീടുകളിൽ താമസിക്കുവർക്ക് ക്ഷേമ പെൻഷനുകൾ അനുവദിക്കേണ്ടതില്ലായെന്നും ഒരു ഗുണഭോക്താവിന്റെ വരുമാനം കണക്കാക്കുമ്പോൾ വിവാഹിതരായ മക്കളുടെ വരുമാനം കണക്കിലെടുക്കേണ്ടതില്ലായെന്നും യോഗത്തിൽ തീരുമാനമുണ്ടായി.

7. തീരുമാനങ്ങൾ :

i. കരകുളം ഗ്രാമ പഞ്ചായത്തിൽ നടന്ന സർവ്വേയിൽ അനർഹർ എന്നു കണ്ടെത്തിയ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പഞ്ചായത്ത് സെക്രട്ടറിയോട് ആരായുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ പങ്കെടുപ്പിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഒരു യോഗം നടത്തണമെന്നും ധനകാര്യ ഇൻസ്പെക്ഷൻ വിംഗിനെ കൊണ്ട് പരിശോധന നടത്തണം എന്നും തീരുമാനിച്ചു. (നടപടി : ധനകാര്യ വകുപ്പ്)

ii. പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ടവരുടെ വിശദാംശങ്ങൾ പരിശോധിച്ച് അനധികൃതമായി പെൻഷൻ വാങ്ങുന്നവരുടെ പെൻഷൻ വിതരണം തടയണം, മരിച്ചവരിൽ ആരെങ്കിലും പെൻഷൻ വാങ്ങുന്നുവെങ്കിൽ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണം. (നടപടി : ധനകാര്യ വകുപ്പ്, ഡി.ബി.ടി.സെൽ, ഐ.കെ.എം.)

iii. കല്ലിയൂർ ഗ്രാമ പഞ്ചായത്ത്, ആറ്റിങ്ങൽ നഗരസഭ എന്നിവിടങ്ങളിലെ മസ്റ്ററിംഗ് ഒക്ടോബർ 23–ന് തുടങ്ങുകയും മുഴുവൻ അക്ഷയകേന്ദ്രങ്ങളുടേയും സേവനം പ്രയോജനപ്പെടുത്തികൊണ്ട് സംസ്ഥാനത്ത് മുഴുവൻ ഡിസംബർ മാസത്തിനകം മസ്റ്ററിംഗ് പൂർത്തിയാക്കേണ്ടതുമാണ്. മസ്റ്ററിംഗ് സമയത്ത് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ സാന്നിധ്യം ഉണ്ടായിരിക്കേണ്ടതാണ് (നടപടി : ധനകാര്യ വകുപ്പ്, കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ, എൻ ഐ സി)

iv. സംസ്ഥാനത്ത് ആധാർ രേഖപ്പെടുത്താതെ ക്ഷേമ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വളരെ വലുതായതിനാൽ ആധാർ രേഖപ്പെടുത്താതെ ക്ഷേമ പെൻഷൻ വാങ്ങുന്നവരുടെ വിശദാംശങ്ങൾ ശേഖരിക്കേണ്ടതാണ്. (നടപടി : ഐ.കെ.എം.)

v. 2000 ച.അടിയിൽ കൂടുതൽ വിസ്തീർണമുള്ളതും അധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ, പെൻഷണർ താമസിക്കുന്ന വീട്ടിൽ എ.സി. ഉള്ളവർ കുടുംബത്തിൽ 1000 സി.സിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനങ്ങൾ ഉള്ളവർ എന്നിവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യമുള്ളവർ എന്ന ഗണത്തിൽപ്പെടും എന്ന് സ്പഷ്ടീകരിച്ച് 05.07.2019 ലെ 65/2019/ധന നമ്പർ പരിപത്രം പരിഷ്കരിക്കണം. കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ വിവാഹിതരായ മക്കളുടെ വരുമാനം കണക്കിലെടുക്കേണ്ടതില്ല എന്നും സ്പഷ്ടീകരണം നൽകണം (നടപടി : ധനകാര്യ വകുപ്പ്).

8. യോഗം 4.00 മണിയ്ക്ക് അവസാനിച്ചു.

M Action today

കേരള സർക്കാർ

നമ്പർ 650901/ എസ്.എഫ്.സി ബി2/17 /ധന

ധനകാര്യ (എസ്.എഫ്.സി സെൽ ബി)വകുപ്പ്.
തിരുവനന്തപുരം ,
തീയതി.20.11.2019

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പഞ്ചായത്ത് ഡയറക്ടർ
ഡി ബി റ്റി സെൽ , തിരുവനന്തപുരം

ഡയറക്ടർ
നഗരകാര്യ വകുപ്പ്

സർ ,

വിഷയം: ധനകാര്യ വകുപ്പ്-സാമൂഹ്യ സുരക്ഷാ പെൻഷൻ - മസ്റ്ററിംഗ്- സംബന്ധിച്ച്
സൂചന: 21/10/2019 ൽ ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ മിനിട്സ്

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനമൊട്ടാകെ നടന്നുവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗിനുള്ള സമയ പരിധി 15/12/2019 വരെ നീട്ടാൻ തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. കിടപ്പ് രോഗികളുടെ മസ്റ്ററിംഗ് അക്ഷയ കേന്ദ്രം പ്രതിനിധികൾ 11/12/2019 മുതൽ 15/12/2019 വരെ വീട്ടിൽ വന്ന് ചെയ്യുന്നതായിരിക്കും. അങ്ങനെയുള്ളവരെ സംബന്ധിച്ച വിവരങ്ങൾ അവരുടെ കുടുംബാംഗം 09/12/2019 നകം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്നവരുടെ ലിസ്റ്റ് പ്രാദേശിക സർക്കാർ സെക്രട്ടറി അവരുടെ അതിർത്തിയിലുള്ള ബന്ധപ്പെട്ട അക്ഷയ കേന്ദ്രത്തെ 10/12/2019 ന് അറിയിക്കേണ്ടതാണ് . ഇതിലേക്ക് തയ്യാറാക്കിയിട്ടുള്ള jeevanrekha.gov.in എന്ന സൈറ്റ് മുഖാന്തിരം മാത്രമേ മസ്റ്ററിംഗ് നടത്താൻ പാടുള്ളൂ. മസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ അക്ഷയ കേന്ദ്രങ്ങളിൽ നിന്നും രസീത് കൈപറ്റേണ്ടതാണ് എന്നും മസ്റ്റർ ചെയ്യുന്നതിന് ഗുണഭോക്താവ് അക്ഷയ കേന്ദ്രത്തിൽ ഫീസ് അടയ്ക്കേണ്ടതില്ല എന്നും ഗുണഭോക്താക്കളെ അറിയിക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകാൻ താൽപര്യപ്പെടുന്നു.

ആവശ്യമാണെന്ന് കാണുന്ന അവസരത്തിൽ മസ്റ്ററിംഗ് നടത്തുന്നതിലേക്ക് ഗുണഭോക്താക്കളെ വാർഡ് തലത്തിൽ ക്രമീകരിക്കാവുന്നതും പ്രാദേശിക സർക്കാരുകളുടെ സൗകര്യാർത്ഥം ക്യാമ്പുകൾ ക്രമീകരിക്കാവുന്നതുമാണ്. ഇത്തരത്തിൽ ക്യാമ്പുകൾ ക്രമീകരിക്കുന്ന അവസരത്തിൽ അക്ഷയ പ്രതിനിധികൾ കാമ്പിൽ എത്തി മസ്റ്റർ ചെയ്ത് നൽകുന്നതുമാണ്. ഇത് സംബന്ധിച്ച അറിയിപ്പ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കും നൽകാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

പ്രതീപ് കുമാർ ബി

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

നമ്പർ 650901/ എസ്.എഫ്.സി ബി2/17/ധന

ധനകാര്യ (എസ്.എഫ്.സി സെൽ ബി)വകുപ്പ്.
തിരുവനന്തപുരം ,തീയതി. 25.11.2019
ഫോൺ:0471-251 8909/8314/8252
ssp.keralafinance@gmail.com

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ

സർ ,

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ - കിടപ്പ് രോഗികളുടെ മസ്റ്ററിംഗ് സംബന്ധിച്ച്
സൂചന :1) 06/11/2017 തിയതിയിലെ സ ഉ (എം എസ് ) 483/2017/ധന നമ്പർ ഉത്തരവ്

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് നടന്നു വരുന്നു. ബയോമെട്രിക്ക് വിവരങ്ങൾ ലഭിക്കാത്തതും ആധാർ എടുക്കാൻ കഴിയാത്തതുമായ ഗുണഭോക്താക്കൾ പ്രാദേശിക സർക്കാരിൽ ലഭ്യമാക്കേണ്ട ലൈഫ് സർട്ടിഫിക്കറ്റിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയതിന്റെ പകർപ്പ് പ്രാദേശിക സർക്കാരുകളിൽ ലഭ്യമാക്കാൻ താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**പ്രതീപ് കുമാർ ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി**

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കും ലഭ്യമാക്കുന്നതിലേക്ക്

# ലൈഫ് സർട്ടിഫിക്കറ്റ്

ശ്രീ/ശ്രീമതി.........................................................................................(ഗുണഭോക്താവിന്റെ പേര്)...............................................................................................................

................. ..................................................................(ഗുണഭോക്താവിന്റെ വിലാസം)

എന്ന വ്യക്തി ഇന്നേ ദിവസം ...................................................(തീയതി) ജീവിച്ചിരിപ്പുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഇത് സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേയ്ക്ക് നൽകുന്നതാണ്.

ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഔദ്യോഗിക വിലാസം ഓഫീസ് സീൽ

**Email** **obsuresh@kerala.gov.in**

**Re: LA Qn . 48**

**From :** Saritha BS <sarithabs.ikm@kerala.gov.in> Sat, Feb 01, 2020 10:19 AM

**Subject :** Re: LA Qn . 48

**To :** =?UNKNOWN?B?4LSn4LSo4LSV4LS+4LSw4LWN4LSvIOC0teC0leC1geC0quC1jeC0quC1jSDgtJXgtYfgtA==?==?UNKNOWN?B?sOC0sw==?= <ssp.keralafinance@gmail.com>

**Cc :** director@ikm.org.in, OB SURESH DY SECY FIN <obsuresh@kerala.gov.in>, Pratheep Kumar B <pratheep101590@kerala.gov.in>

Total Pensioners-4733586

a) Mustering completed Total (authentication,Life certificate)=4331527

Authentication - 4251771
Life Certificate - 79756

b) 91.5 %

c) Mustering Pending- 402059
402059*1200= 482470800 (per month)

---

**From:** "ധനകാര്യ വകുപ്പ് കേരള" <ssp.keralafinance@gmail.com>
**To:** director@ikm.org.in, "Saritha BS" <sarithabs.ikm@kerala.gov.in>
**Sent:** Wednesday, January 29, 2020 5:04:53 PM
**Subject:** LA Qn . 48

Pleasen see the attachment

--
Finance (SFC-B) Department
Govt Secretariat
Thiruvananthapuram
Ph: 0471 2518909